(സി—ഇ) കെൽട്രോൺ അടക്കമുള്ള ഏജൻസികളുടെ സഹായത്തോടുകൂടി വിവിധ വകുപ്പുകൾ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കി വരികയാണ്. കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്ട് വെയർ ഇവ വാങ്ങുക, കമ്പ്യൂട്ടർ ശൃംഖലകൾ സ്ഥാപിക്കുക, വിവര സാങ്കേതങ്ങൾ ഉണ്ടാക്കുക, അവയ്ക്ക് നഷ്ടം സംഭവിക്കാതെ സൂക്ഷിക്കുക, പരിശീലനം നൽകുക തുടങ്ങിയ വിവിധ പരിപാടികളിലൂടെയും പദ്ധതികളിലൂടെയും ഇത് പുരോഗമിച്ചുവരികയാണ്. ഇതിനായി എന്ത് തുക വേണ്ടിവരുമെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. ഘട്ടം ഘട്ടമായാണ് ഈ പദ്ധതി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാംഘട്ടം ഈ സാമ്പത്തിക വർഷത്തിലും രണ്ടും മൂന്നും ഘട്ടങ്ങൾ വരുന്ന സാമ്പത്തിക വർഷത്തിനുള്ളിലും പൂർത്തിയാക്കുന്നതാണ്. വിവര സാങ്കേതിക വിദ്യാരംഗത്തുണ്ടാകുന്ന നൂതനമായ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിനും വേണ്ടിയാണ് ഘട്ടംഘട്ടമായി പദ്ധതി നടപ്പാക്കുന്നത്. കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ പോലുള്ള പദ്ധതികളും ഇതിൽ ഉൾപ്പെടും.

മനുഷ്യാവകാശ കമ്മീഷൻ നിയമന മാനദണ്ഡങ്ങൾ

140 [711] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനേയും അംഗങ്ങളേയും ആക്ടിംഗ് ചെയർമാനേയും നിയമിക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) കമ്മീഷൻ ചെയർമാനായും ആക്ടിംഗ് ചെയർമാനായും നിയമിക്കപ്പെടാനുള്ള യോഗ്യത നിയമപ്രകാരം എന്തെല്ലാമാണ്; നിയമപ്രകാരമുള്ള യോഗ്യതയില്ലാത്ത ആരെയെങ്കിലും നിയമിക്കാൻ സർക്കാർ ഗവർണ്ണറോട് അഭ്യർത്ഥിച്ചിട്ടുണ്ടോ;

(സി) കമ്മീഷൻ അംഗങ്ങളായി നിയമനം ലഭിക്കുന്നയാൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) നിയമപ്രകാരമുള്ള യോഗ്യതകളില്ലാത്ത ആർക്കെങ്കിലും വേണ്ടി സർക്കാർ നിയമന ശുപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) താൽക്കാലിക ചുമതലയേറ്റിട്ടുള്ള ഏതെങ്കിലും ചീഫ് ജസ്റ്റീസുമാർക്ക് മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായും ആക്ടിംഗ് ചെയർമാനായും നിയമനം നൽകുവാൻ നിയമം അനുശാസിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിലുള്ള നിയമന വ്യവസ്ഥകൾ വ്യാഖ്യാനിച്ചു നടത്തിയ നിയമന ശുപാർശ പുനഃപരിശോധിക്കുന്നതു സംബന്ധിച്ച് പ്രതിപക്ഷ നേതാവ് നൽകിയ പരാതിയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ജി) മനുഷ്യാവകാശ കമ്മീഷൻ മെമ്പറാകുന്നതിനു മുമ്പേ ഒരാളിനെ ആക്ടിംഗ് ചെയർമാനായി നിയമിക്കുന്നതിന് സർക്കാരിന് ശുപാർശ നൽകുവാൻ നിലവിലുള്ള നിയമ വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമത്തിലെ, 22 (1) എ വകുപ്പിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സനേയും അംഗങ്ങളേയും, 25(1) വകുപ്പ് പ്രകാരം ആക്ടിംഗ് ചെയർ പേഴ്സനേയും നിയമിക്കുന്നത്.

(ബി) 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമത്തിലെ (1994-ലെ 10) 21-2 (എ) വകുപ്പ് പ്രകാരം സംസ്ഥാന കമ്മീഷന്റെ ചെയർപഴ്സൺ ഒരു ഹൈക്കോടതി ചീഫ് ജസ്റ്റീസ് ആയിരുന്ന ആളായിരിക്കണമെന്നും ടി ആക്റ്റിന്റെ 25(1) വകുപ്പു പ്രകാരം ചെയർപേഴ്സന്റെ ഒഴിവിലേക്ക് നിലവിലുള്ള ഏതെങ്കിലും അംഗത്തെ ആക്റ്റിംഗ് ചെയർപേഴ്സനായി വിജ്ഞാപന പ്രകാരം ഗവർണ്ണർക്ക് അധികാരപ്പെടുത്താവുന്നതാ ണെന്നും വ്യവസ്ഥ ചെയ്യുന്നു. നിയമപ്രകാരമുള്ള യോഗ്യതയില്ലാത്ത ആരേയും നിയമിക്കാൻ സർക്കാർ ഗവർണ്ണറോട് അഭ്യർത്ഥിച്ചിട്ടില്ല.

(സി) കമ്മീഷനിൽ ചെയർപേഴ്സൺ കൂടാതെ താഴെ പറയുന്ന യോഗ്യതയുള്ള നാല് അംഗങ്ങളെ നിയമിക്കാൻ ആക്റ്റ് വ്യവസ്ഥ ചെയ്യുന്നു.

(1) ഒരു അംഗം ഹൈക്കോടതി ജഡ്ജിയോ/ഹൈക്കോടതി ജഡ്ജിയായി രുന്നതോ ആയ വ്യക്തി.

(2) ഒരു അംഗം ജില്ലാ ജഡ്ജിയോ/ജില്ലാ ജഡ്ജി ആയിരുന്നതോ ആയ വ്യക്തി.

(3) രണ്ട് അംഗങ്ങൾ മനുഷ്യാവകാശങ്ങളെ സംബന്ധിച്ച വിഷയത്തിൽ അറിവോ പ്രായോഗിക പരിശീലനമോ ഉള്ള വ്യക്തികൾ ആയിരിക്കണം.

(ഡി) നിയമപ്രകാരമുള്ള യോഗ്യതകളില്ലാത്ത ആർക്കുവേണ്ടിയും സർക്കാർ നിയമന ശുപാർശ നൽകിയിട്ടില്ല.

(ഇ) താൽക്കാലിക ചുമതലയേറ്റിട്ടുള്ള ഏതെങ്കിലും ചീഫ് ജസ്റ്റീസുമാരെ മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായിട്ടും ആക്ടിംഗ് ചെയർമാനായിട്ടും നിയമനം നൽകുന്നതിന് ആക്ടിൽ വ്യവസ്ഥയില്ല. ഹൈക്കോടതി ചീഫ് ജസ്റ്റീസായിരുന്ന ഒരു വ്യക്തിയെ മാത്രമേ ചെയർപേഴ്സനായി നിയമിക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നുള്ളൂ.

(എഫ്) പ്രതിപക്ഷ നേതാവിന്റെ രേഖാമൂലമുള്ള പരാതി ഗവർണ്ണർക്ക് ലഭിച്ചത് തുടർനടപടിക്കായി അയച്ചുതന്നതിൻമേൽ നിയമാനുസൃതമായ മറുപടി ഗവർണ്ണർക്ക് നൽകിയിട്ടുണ്ട്.

(ജി) അപ്രകാരം ശുപാർശ ചെയ്യുവാൻ നിയമം വ്യവസ്ഥ ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly